വിജിലൻസ് വിംഗിന്റെ പ്രവർത്തനം

9 (*544) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ധനകാര്യ വകുപ്പിൽ ഇപ്പോൾ നിലവിലുള്ള വിജിലൻസ് വിംഗിന്റെ ഘടനയും പ്രവർത്തനവും വിശദീകരിക്കാമോ ;

(ബി) 2004-05 വർഷത്തിൽ വിജിലൻസ് വിംഗ് നടത്തിയ പരിശോധനകളിലൂടെ കണ്ടെത്തിയ കേസുകൾ എത്രയാണ് ;

(സി) എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;

(ഡി) എത്ര കേസുകളിൽ നടപടി ആരംഭിച്ചിട്ടുണ്ട് ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) സർക്കാർ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കുന്ന വിജിലൻസ് സ്വഭാവമുള്ള ധനകാര്യ പരിശോധനാ വിഭാഗം ധനകാര്യ സെക്രട്ടറിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ട്. ധനകാര്യ വകുപ്പിൽ ഇൻസ്പെക്ഷൻ (ടെക്നിക്കൽ), ഇൻസ്പെക്ഷൻ (നോൺടെക്നിക്കൽ) എന്നീ രണ്ട് വിഭാഗങ്ങൾ. ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ സ്കാഡുകൾ എന്നിവ ചേർന്നതാണ് ധനകാര്യ ഇൻസ്പെക്ഷൻ വിംഗ്. ധനകാര്യ പരിശോധനാവിഭാഗം അഡീ. സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള നോൺടെക്നിക്കൽ വിംഗിൽ രണ്ട് ഡെപ്യൂട്ടി സെക്രട്ടറിമാർ, ഒരു അണ്ടർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ ഏഴു സെക്ഷനുകളാണ് പ്രവർത്തിക്കുന്നത്. കൂടാതെ ഓരോ സെക്ഷൻ ഓഫീസറുടെ നേതൃത്വത്തിലുള്ള ഓരോ ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ സ്കാഡുകളും നോൺ ടെക്നിക്കൽ വിഭാഗത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു.

ചീഫ് എഞ്ചിനീയർ റാങ്കിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നേതൃത്വത്തിൽ പ്രവർത്തിപ്പിക്കുന്ന നാല് എക്സി : എഞ്ചിനീയർ, അഞ്ച് അസി. എക്സി. എഞ്ചിനീയർ, ഒരു ടെക്നിക്കൽ അസിസ്റ്റന്റ്, മൂന്ന് അസി. എഞ്ചിനീയർമാർ എന്നിവരടങ്ങിയതാണ് ഇൻസ്പെക്ഷൻ ടെക്നിക്കൽ വിഭാഗം. സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സഹായം നൽകുന്ന മറ്റു സ്ഥാപനങ്ങൾ, എന്നിവയിൽ മിന്നൽ പരിശോധന നടത്തി സാമ്പത്തിക ക്രമക്കേടുകളും ഉദ്യോഗസ്ഥന്മാരുടെ വീഴ്ചമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടവും കണ്ടെത്തി ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് നൽകുകയാണ് ധനകാര്യ ഇൻസ്പെക്ഷൻ നോൺ ടെക്നിക്കൽ വിംഗിന്റെ പ്രവർത്തനം. ഇതുസംബന്ധിച്ച് പൊതു ജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേലും, പത്ര വാർത്തകളിന്മേലും, ഭരണ വകുപ്പ് അന്വേഷണം ആവശ്യപ്പെടുന്ന മറ്റു പരാതികളിന്മേലും, ഓംബുഡ്സ്മാൻ ചുമതലപ്പെടുത്തുന്ന വിഷയങ്ങളിലും ഇൻസ്പെക്ഷൻ വിംഗ് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നുണ്ട്. സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് വാഹന പരിശോധന നടത്തുന്നതിനും ധനകാര്യ ഇൻസ്പെക്ഷൻ വിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലത്തിലുള്ള സർക്കാർ ഓഫീസുകളിൽ പരിശോധന നടത്തി ക്രമക്കേടുകൾ സർക്കാരിന് റിപ്പോർട്ടു ചെയ്യുന്നതാണ് ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ സ്കാഡിന്റെ ചുമതല.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ വിവിധ മരാമത്തു പണികളിലെ ക്രമക്കേടുകളെ സംബന്ധിച്ചു ലഭിക്കുന്ന പരാതികളിൽ മിന്നൽ പരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് നൽകുകയാണ് ധനകാര്യ ഇൻസ്പെക്ഷൻ ടെക്നിക്കൽ വിംഗ് ചെയ്യുന്നത്.

(ബി) 680

(സി) ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യാൻ ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന് അധികാരമില്ല.

(ഡി) ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ടുകളിന്മേൽ നടപടി കൈക്കൊള്ളുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്.

സ്പോർട്സ് നിയമം

10 (*545) ശ്രീ. എൻ. രാജൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമഗ്രമായ ഒരു സ്പോർട്സ് നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ : ഉണ്ടെങ്കിൽ എന്നു മുതലാണ് ആ നിയമം നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമതലം മുതൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിന് വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ ഗ്രാമതലത്തിലുൾപ്പെടെ എത്ര കൗൺസിലുകൾ ഇതുവരെ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഗ്രാമതലം മുതലുള്ള കായിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly